**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5631** **18/11/2019 ൽ മറുപടിയ്ക്ക്**

## ഫിസിയോ തെറാപ്പിസ്റ്റുകളുടെ നിയമനം

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഫിസിയോ തെറാപ്പിസ്റ്റുകൾ പി.എച്ച്.സി., സി.എച്ച്.സി., എഫ്.എച്ച്.സി. ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഇല്ലാത്തത് കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിലവിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ഏത് വിഭാഗം ആശുപത്രികളിലാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | തിരഞ്ഞെടുക്കപ്പെട്ട ജനറൽ/ജില്ലാ ആശുപത്രികളിലായി 6 ഫിസിയോതെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ഫിസിയോ തെറാപ്പിസ്റ്റുകളുടെ നിയമനം എല്ലാ വിഭാഗം ആശുപത്രികളിലും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ദേശീയ ആരോഗ്യദൗത്യത്തിൻ കീഴിൽ നാഷണൽ പ്രോഗ്രാം ഫോർ പാലിയേറ്റീവ് കെയറിന്റെ (NPP) ഭാഗമായി സംസ്ഥാനത്തെ 232 സി.എച്ച്.സി.കളിലും ഓരോ ഫിസിയോതെറാപ്പിസ്റ്റിനെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സെക്കന്ററിതല പാലിയേറ്റീവ് കെയർ എല്ലാ സി.എച്ച്.സി.കളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് 2017-2018, 2018-2019 വർഷം മുതൽ ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുള്ളത്. ഇതിന് പുറമേ National Programme for Health Care of Elderly യുടെ ഭാഗമായിട്ടും National Programme for Control of Cancer, Cardiovascular Diseases - ന്റെ ഭാഗമായിട്ടും ജില്ലാ താലൂക്ക് ആശുപത്രികളിലും ഫിസിയൊതെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ഫിസിയോതെറാപ്പിസ്റ്റുകൾ സി.എച്ച്.സി.കളിൽ വരുന്ന രോഗികൾക്കു പുറമേ ഫീൽഡ് തലത്തിൽ അതാത് പ്രാഥമികാരോഗ്യകേന്ദ്ര തലത്തിലുള്ള ശയ്യാവലംബരായ രോഗികളെ ഭവന സന്ദർശനം നടത്തി സേവനം നൽകുന്നുണ്ട്. |

Smidhya

സെക്ഷൻ ഓഫീസർ